**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിലെ എഞ്ചിനീയറിംഗ് സംവിധാനം നവീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തസ്വഭ(ഡിഡി) വകുപ്പ്

സഉ(സാധാ) 298/13/ തസ്വഭവ — തിരുവനന്തപുരം, തീയതി 4/02/2013

=====================================================================

പരാമർശം:
1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് മിഷൻ ഡയറക്ടറുടെ 13/1/12 ലെ 29449/EGS. 04/11/CRD നമ്പർ കത്ത്.
2. 4/10/12 ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 12-ാം മത്തെ യോഗത്തിന്റെ 16-ാ മത് തീരുമാനം.
3. 3/2/12 ലെ സഉ(സാധാ) നം.346/2012/തസ്വഭവ
4. 2/1/09 ലെ സഉ(എംഎസ്)നം.1/2009/തസ്വഭവ

## <u>ഉത്തരവ്</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ എഞ്ചിനീയറിംഗ് സംവിധാനം നവീകരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ്പുറപ്പെടുവിക്കണമെന്ന് പരാമർശം (2) ലെ തീരുമാനപ്രകാരം പരാമർശം (1) മുഖേന മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

1. നിലവിൽ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് ഒന്നരലക്ഷം രൂപ വരെ അടങ്കൽ ഉള്ള പ്രവൃത്തികൾ ചെക്ക് മെഷർ ചെയ്യുന്നതിന് അനുമതി നൽകുക.
2. പരാമർശം (3) ഉത്തരവ് പ്രകാരം, 60 ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ എഞ്ചിനീയറെയാണ് നിയമിച്ചിട്ടുള്ളതെങ്കിൽ പുതുതായി നിയമിക്കേണ്ടത് ഓവർസീയറെയും മറിച്ച് നിലവിൽ പഞ്ചായത്തിൽ ഓവർസീയറെയാണ്നിയമിച്ചിട്ടുള്ളതെങ്കിൽ പുതുതായി നിയമിക്കേണ്ടത് എഞ്ചിനീയറെയും ആയിരിക്കണമെന്ന് തീരുമാനിക്കുക.

ഇതിലൂടെ ഒന്നര ലക്ഷം രൂപാവരെ അടങ്കൽ ഉള്ള പ്രവൃത്തികളുടെ മെഷർമെന്റും ചെക്ക് മെഷർമെന്റും ഗ്രാമ പഞ്ചായത്തു തലത്തിൽ നിയമിക്കുന്ന അക്രെഡിറ്റഡ് എഞ്ചിനീയറിംഗ് വിഭാഗത്തിലൂടെ പൂർത്തീകരിക്കാവുന്നതാണ്.

3. പരാമർശം(4)ഉത്തരവ് പ്രകാരം 5 വർഷം എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിൽ പരിചയം സിദ്ധിച്ചിട്ടുള്ള ഓവർസീയർമാർക്ക് അസി.എഞ്ചിനീയർ പദവി നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ് റദ്ദാക്കുക.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ എഞ്ചിനീയറിംഗ് സംവിധാനം നവീകരിക്കുന്നതിനായി മിഷൻ ഡയറക്ടർ സമർപ്പിച്ച മുകളിൽ പ്രസ്താവിച്ച ശുപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജി. ശിവപ്രസാദ്,**

അഡീഷണൽ സെക്രട്ടറി,

1. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
2. ഗ്രാമവികസന കമ്മീഷർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറി/പ്രസിഡന്റുമാർക്കും (ഗ്രാമവികസന കമ്മീഷർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, തിരുവനന്തപുരം)
8. അക്കൗണ്ടന്റ് ജനറൽ (A&E) തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ, കേരളമിഷൻ
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി